**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6796** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലും സ്ഥലപരിമിതി കാരണം പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ഇ.എസ്.ഐ കോർപ്പറേഷന് ശുപാർശ നൽകിയിട്ടുണ്ട്. എറണാകുളത്ത് 100 കിടക്കകളുള്ള ആശുപത്രി നിർമ്മിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇ.എസ്.ഐ. യുടെ പരിധിയിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തണമെങ്കിൽ നിലവിലെ വേതന പരിധി ഉയർത്തുകയും, ഒരു തൊഴിലുടമയ്ക്ക് കീഴിൽ 10 തൊഴിലാളികൾ വേണമെന്ന നിബന്ധന പരിഷ്കരിക്കുകയും ചെയ്യണം. എന്നാൽ നിലവിലെ വ്യവസ്ഥകളിൽ ഇ.എസ്.ഐ കോർപ്പറേഷൻ മാറ്റമൊന്നും വരുത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വകുപ്പിൽ ഇ.എസ്.ഐ ഹോസ്പിറ്റലുകളിൽ അനുവദിച്ചിട്ടുള്ള സ്പെഷ്യാലിറ്റി തസ്തികകളിലേക്ക് മെഡിക്കൽ ഓഫീസർമാരിൽ നിന്ന് യോഗ്യരായ സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തി ആശുപത്രികളിൽ മെച്ചപ്പെട്ട സ്പെഷ്യാലിറ്റി സേവനം നൽകി വരുന്നുണ്ട്. സ്പെഷ്യലിസ്റ്റ് തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ